**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4806** — **19.05.2017-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ കണക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിൽ മൊത്തം എത്ര മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നുണ്ടെന്നുള്ള കണക്ക് ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 1980 - ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്റ്റ് പ്രകാരം മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച മത്സ്യത്തൊഴിലാളികളെയാണ് മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തുന്നത്. ഇങ്ങനെ മത്സ്യബന്ധനം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി എല്ലാ വർഷവും സെപ്റ്റംബർ ഒന്നാം തീയതി കരട് മത്സ്യത്തൊഴിലാളി പട്ടിക പ്രസിദ്ധീകരിക്കുകയും പ്രസ്തുത പട്ടിക സംബന്ധിച്ച് പരാതിയുള്ളവർ സെപ്റ്റംബർ 15 -ാം തീയതിയ്ക്കകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർമാർക്ക് പരാതി സമർപ്പിക്കുകയും ഈ പരാതിയിൽ തീർപ്പു കൽപ്പിച്ച് ഒക്ടോബർ ഒന്നാം തീയതി അന്തിമ മത്സ്യത്തൊഴിലാളി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. 2016 - 17 വർഷത്തിൽ പ്രസിദ്ധീകരിച്ച മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം 2,36,300 സജീവ മത്സ്യത്തൊഴിലാളികൾ ഉണ്ട്. |
| (ബി) | ആധുനിക രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ പദ്ധതി തയ്യാറാക്കുമോ? | (ബി) | ആധുനിക രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് "സോഫ്റ്റിക്കേറ്റഡ് ഫിഷിങ് ഗീയർ അക്സസറീസ് ഫോർ ഡീപ് സീ ഫിഷിംഗ്"എന്ന പദ്ധതി നടപ്പി ലാക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആധുനിക രീതിയിലുള്ള ആർട്ടിഫിഷ്യൽ ബേയ്റ്റ്, ജീഗ്ഗ്, ജപ്പാനീസ് ഡൈവിംഗ് ബോർഡ്, ബാരാസ്പൂൺ ഉൾപ്പെടെയുള്ള ഉപകരണ ങ്ങൾ വാങ്ങി നൽകുന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ